**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3665 — 15.05.2017-ൽ മറുപടിയ്ക്ക്

## റോഡിനുവേണ്ടി വിട്ടുകൊടുത്ത സ്ഥലത്തിന്റെ വില ലഭിച്ചില്ലെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം, വൈത്തല ശ്രീ.വി.അബ്ദുറഹ്മാൻ റോഡിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തിട്ട് വില ലഭിച്ചില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) കോട്ടക്കൽ ബൈപ്പാസിന്റെ ഒന്നും രണ്ടും റീച്ചുകൾ പ്രവൃത്തി നടത്താനായി ഈ റോഡിന്റെ പരിധിയിൽപ്പെട്ടിരുന്നതും ഭൂമി ഏറ്റെടുത്ത സമയത്ത് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും സർവ്വേ നമ്പർ വിട്ടുപോയതുമായ നിലവിൽ റോഡാക്കിയ ഭാഗം (എസ്.ആർ നമ്പർ 479/15, 479/26, 399/22 0.481 ഹെക്ടർ) 03.06.2013 -ലെ സ.ഉ. (കൈ) നമ്പർ 1177/2013 പ്രകാരം തണ്ണീർതട സംരക്ഷണ നിയമത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ LA-4-8138/10, dtd: 16-03-2010 പ്രകാരം ഭൂമി വില നിശ്ചയിച്ച് മേൽ സർവ്വേ നമ്പറിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) E1271356/M(PWD&R)/2017 നമ്പർ പ്രകാരമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പൊതു മരാമത്ത് ചീഫ് എഞ്ചിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും (മലപ്പുറം) സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേരി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 28/02/2017-ലെ ഇ4/എൽ.എ/2016 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഡയറക്റ്റ് പർച്ചേസ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കു മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ